# കുടുംബ ആത്മഹത്യ ഒഴിവായി



ജീവിത നൈരാശ്യത്താൽ നദിയിലേക്ക് എടുത്തുചാടുവാൻ തുടങ്ങിയ ആ മനുഷ്യനോട് പാലം സൂക്ഷിപ്പുകാരൻ അപേക്ഷിച്ചു, ''നീ ആത്മഹത്യ ചെയ്യരുത്". ഞാൻ തന്നെ ആത്മഹത്യ ചെയ്യുവാൻ ഒരുങ്ങിയിരുന്ന സമയത്ത്, കൊറിയൻ ഭാഷയിലുള്ള ആ ലഘുലേഖയിൽ എഴുതിയിരുന്ന മൂന്നു വാക്കുകൾ ഞാൻ വായിച്ചു. എന്റെ പ്രതീക്ഷകളെല്ലാം തകർന്നു, ഇനി ജീവിക്കുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല.

എന്റെ കുട്ടിക്കാലത്ത് എന്റെ മാതാപിതാക്കൾ പ്രാർത്ഥിക്കുകയോ ബൈബിൾ വായിക്കുകയോ ചെയ്യുമായിരുന്നില്ല. ഒരു വലിയ വീടും ധാരാളം ജീവിത സൗകര്യങ്ങളുമുണ്ടായിരുന്നുവെങ്കിലും അവരുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം ഇല്ലായിരുന്നു. ഞങ്ങൾ പള്ളിക്കൂടത്തിൽ പോകണമെന്ന് അവർക്കു നർബന്ധം ഉണ്ടായിരുന്നുവെങ്കിലും സണ്ടേസ്ക്കൂളിലോ പള്ളിയിലോ ഞങ്ങളെ അയയ്ക്കുകയില്ലായിരുന്നു. കൊറിയായിലെ ഏറ്റവും നല്ല ഹൈസ്ക്കൂളിലും കോളേജിലും പഠിക്കുവാൻ എനിക്ക് അവസരം കിട്ടി, എന്നാൽ ദൈവത്തേക്കുറിച്ച് എനിക്ക് ഒന്നും അറിഞ്ഞുകൂടായിരുന്നു. മാഹാന്മാരെ മാനിക്കുവാനും പ്രശംസിക്കുവാനും എന്നെ പഠിപ്പിച്ചുവെങ്കിലും, ദൈവത്തെ മാനിക്കുവാൻ പഠിപ്പിച്ചില്ല.

ജീവിത സാഹചര്യങ്ങളിൽ നിന്നും ഒളിച്ചോടുവാൻ താല്പര്യപ്പെടുന്ന ദുർബലമാനസരാണ് പള്ളിയിൽ പോകുന്നതെന്ന് ഞാൻ കരുതി. അവരുമായി യാതൊരുവിധ ബന്ധവും ഞാൻ ആഗ്രഹിച്ചില്ല. പ്രാർത്ഥനയ്ക്കായി



ദൈവമുമ്പാകെ മുട്ടുകുത്തേണ്ടി വരുമെന്ന് ഞാൻ ഒരിക്കലും സ്വപ്നത്തിൽ പോലും വിചാരിച്ചില്ല!

ഞാൻ സ്വന്തമായി വ്യാപാരം ആരംഭിച്ചു, നല്ല ഒരു വീടും ഉണ്ടായിരുന്നു. കാര്യങ്ങൾ കുഴപ്പമില്ലാതെ മുന്നോട്ടു പൊയ്ക്കൊള്ളുമെന്നു കരുതി. എന്നാൽ, കാലം മുന്നോട്ടു പോയപ്പോൾ, ലോക സുഖങ്ങൾക്കുവേണ്ടിയുള്ള എന്റെ ആഗ്രഹം മുറുകി, ഭവനത്തിൽ നിന്നും അകന്ന് കൂടുതൽ സമയം ചെലവിടുവാൻ തുടങ്ങി. മിക്കവാറും എല്ലാ രാത്രികളിലും മദ്യപാനം, ചൂതുകളി, നൃത്തം എന്നിവയിൽ മുഴുകി. ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം വീട്ടിലെത്തുമ്പോൾ എനിക്ക് അവിടം ഒരു ഹോട്ടൽ പോലെ മാത്രം ആയിരുന്നു.

ബിസിനസ്സ് നന്നായി നടന്നിടത്തോളം എനിക്ക് ധാരാളം സ്നേഹിതർ ഉണ്ടായിരുന്നു, എന്നാൽ ബിസിനസ്സ് താഴേക്ക് പോയപ്പോൾ അവർ ഓരോരുത്തരായി എന്നെ വിട്ടുപോയി. താമസ്സിയാതെ ഞാൻ ആഴമായ പാപത്തിലും കുഴപ്പത്തിലും ആണ്ടുപോയി. ഞാൻ നശിച്ചു, എല്ലാം നഷ്ടപ്പെട്ടു. സാമ്പത്തിക തകർച്ചയും ആത്മീയമായ ഏകാന്തതയും നേരിട്ടപ്പോൾ എനിക്ക് പിടിച്ചു നിൽക്കാനാവാതെ വന്നു. ആശ്രയിക്കുവാൻ ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിച്ചുവെങ്കിലും ആർക്കും എന്നെ സഹായിക്കുവാൻ കഴിഞ്ഞില്ല.

മദ്യംകൊണ്ടും മയക്കുമരുന്നുകൾകൊണ്ടും ആത്മധൈര്യം വീണ്ടെടുക്കുവാൻ ശ്രമിച്ചുവെങ്കിലും, അവ വാങ്ങുവാൻ എന്റെ കയ്യിൽ കാശില്ലായിരുന്നു.

## കുടുംബമായി ആത്മഹത്യ ചെയ്യുകയായിരുന്നു ഞങ്ങളുടെ മുന്നിലുണ്ടായിരുന്ന ഏക പോംവഴി

എനിക്ക് ഭാര്യയും ബാലനായ ഒരു മകനും ഉണ്ടായിരുന്നു. ഞങ്ങൾ ഒരുമിച്ച് ആത്മഹത്യ ചെയ്യുകയല്ലാതെ മറ്റു പോംവഴിയില്ലായിരുന്നു. എന്റെ ഭാര്യയുംകൂടി സമ്മതിച്ച്, പദ്ധതി നടപ്പാക്കുവാനായി, ഞങ്ങളുടെ സ്വന്തം പട്ടണമായ സോളിൽ നിന്നും ഞങ്ങളെ ആരും അറിയാത്ത ടേഗു എന്ന സ്ഥലത്തേക്കു യാത്രതിരിച്ചു. വളരെ ചെലവുകുറഞ്ഞ ഒരു ചെറിയ ഹോട്ടലിൽ ഞങ്ങൾ മുറിയെടുത്തു.

എന്താണു നടക്കുന്നതെന്ന് എന്റെ കൊച്ചുമകനു പിടികിട്ടാതിരുന്നതിനാൽ സോളിലേക്കു മടങ്ങിപ്പോകുവാൻ അവൻ നിർബന്ധം പിടിച്ചു. ആത്മഹത്യചെയ്യുന്നതിന് നേരം ഇരുട്ടുവാൻ കാത്തിരിക്കേണ്ടിവന്നതിനാൽ അവനെ ഒരിക്കൽകൂടി സന്തോഷിപ്പിക്കുവാൻ അടുത്തുള്ള കുട്ടികളുടെ പാർക്കിലേക്ക് കൊണ്ടുപോയി.

ദൈവം എന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഹോട്ടലിലേക്ക് മടങ്ങിവരുമ്പോൾ ആരോ ഒരു ക്രിസ്തീയ ലഘുലേഖ എനിക്കു തന്നു. വായിക്കുവാൻ താല്പര്യമില്ലാതിരുന്നതിനാൽ ഞാൻ അതു പോക്കറ്റിൽ ഇട്ടു. ഹോട്ടലിൽ എത്തിയപ്പോൾ മരിക്കുന്നതിനു മുൻപ് എന്റെ പിതാവിന് ഒരു കത്തെഴുതാം എന്നു കരുതി പോക്കറ്റിൽ പേനാ



തപ്പിയപ്പോൾ ആ ലഘുലേഖ കയ്യിൽ വന്നു. "മറ്റൊരുവന്റെ കുറ്റത്തിന്" എന്നായിരുന്നു അതിന്റെ തലക്കെട്ട്. നിവർത്തു നോക്കിയപ്പോൾ "നീ ആത്മഹത്യ ചെയ്യരുത്" എന്ന് അതിൽ എഴുതിയിരിക്കുന്നു. എന്തൊരു അതിശയം! ദൈവത്തിനു സ്തോത്രം! ആ ലഘുലേഖയിൽ കൂടി അവിടുന്ന് എന്നോട് സംസാരിച്ചു. അത് ആദിമുതൽ അവസാനം വരെ ഞാൻ വായിച്ചു. ഒരു മുൻ-കുറ്റവാളിയുടെ അനുഭവമായിരുന്നു അതിൽ എഴുതിയിരുന്നത്.

ജയിലിൽ നിന്നും പുറത്തുവന്നപ്പോൾ അയാളെ സഹായിക്കുവാൻ ആരും ഉണ്ടായിരുന്നില്ല എന്ന് അതിൽ എഴുതിയിരുന്നു. ഒരു ജോലിയന്വേഷിച്ച് പോർട്ട്ലാന്റ് പട്ടണത്തിലെ തെരുവുകളിൽ നാലുദിവസങ്ങൾ അലഞ്ഞു തിരിഞ്ഞു. കഴിക്കുവാൻ ആഹാരമില്ല, കിടക്കുവാൻ സ്ഥലമില്ല. ഒരു തടിമില്ലിന്റെ മുന്നിൽകിടന്ന തടിയിൽ കിടന്ന് അയാൾ അന്തിയുറങ്ങി. ജീവിക്കുവാൻ പോംവഴിയില്ലാതെ നിരാശനായിരുന്ന അയാൾ അടുത്തുള്ള ഒരു പാലത്തിൽ നിന്നും വെള്ളത്തിലേക്ക് ചാടുവാൻ ഒരുങ്ങുമ്പോൾ പാലം സൂക്ഷിപ്പുകാരൻ തടഞ്ഞു. തിരിഞ്ഞുനോക്കിയപ്പോൾ സമീപത്തുള്ള ഒരു അപ്പോസ്തോലിക ദേവാലയത്തിന്റെ മുകളിലെ തിളങ്ങുന്ന എഴുത്തുകൾ ശ്രദ്ധയിൽപ്പെട്ടു. ഏതോ ഒരു അദൃശ്യശക്തി അവിടേക്കു ചെല്ലുവാൻ അയാളെ പ്രേരിപ്പിച്ചു. അവിടെ നടന്നുകൊണ്ടിരുന്ന യോഗത്തിൽ വെച്ച് അയാൾ ദൈവത്തോടു നിലവിളിച്ചു പ്രാർത്ഥിക്കുകയും അയാളുടെ പാപങ്ങൾ ക്ഷമിക്കപ്പെടുകയും ചെയ്തു.

ആ മനുഷ്യന്റെ ജീവിതത്തിന് പുതിയൊരു ആരംഭമുണ്ടായി എന്ന് ഞാൻ മനസ്സിലാക്കി. അവിടെവെച്ചു തന്നെ ഞാൻ ആത്മഹത്യ ചെയ്യാനുള്ള പരിപാടി ഉപേക്ഷിച്ച്, ലഘുലേഖയിൽ രേഖപ്പെടുത്തിയിരുന്ന മേൽവിലാസത്തിൽ കത്തയച്ചു. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതിനു മറുപടിയും, മറ്റു പല കൊറിയാക്കാരായ ക്രിസ്ത്യാനികളുടെ അനുഭവ സാക്ഷ്യങ്ങളും പ്രത്യാശാദീപം എന്നൊരു മാസികയും ലഭിച്ചു. ക്രിസ്തുയേശുവിൽ പുതിയ സൃഷ്ടികളായിത്തീർന്ന്, ഹൃദയത്തിൽ സമാധാനം ലഭിച്ചതിന് അവർ ദൈവത്തോടു നന്ദിയുള്ളവരായിരുന്നു.

എനിക്കും ഈ അനുഭവം ലഭിക്കുകയില്ലേ? വീണ്ടും ജനനം പ്രാപിച്ച ആ സ്നേഹിതരെ എന്റെ കണ്ണുകൾ കൊണ്ട് നേരിട്ടു കാണുവാൻ ഞാൻ പുസാൻ എന്ന പട്ടണത്തിലേക്ക് പോയി. അവിടെ സുവിശേഷകനെ കണ്ടുമുട്ടുകയും അദ്ദേഹം എന്നെ തന്റെ ഭവനത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്നെ രക്ഷിച്ച് പാപത്തിന്റെ ബന്ധനത്തിൽനിന്നും വിടുവിക്കുവാൻ കഴിയുന്ന ദൈവത്തിന്റെ ശക്തിയേക്കുറിച്ച് അവർ എന്നോടു പറഞ്ഞു. എന്റെ മനഃസാക്ഷിയിൽ ആഴമായ പാപബോധം ഉണ്ടായി. ഞാൻ നശിച്ച ഒരു പാപിയാണെന്ന് മനസ്സിലാക്കിയെങ്കിലും, വർഷങ്ങളായി ദൈവത്തേയും ക്രിസ്ത്യാനികളേയും പരിഹസിച്ചു സംസാരിച്ചിരുന്ന എന്നോട് ദൈവം ക്ഷമിക്കുമോ എന്ന് എനിക്ക് സംശയം തോന്നി.

സഭയിലെ സഹോദരീ സഹോദരന്മാർ എനിക്കു വേണ്ടി പ്രാർത്ഥിച്ചു. എന്റെ ജീവിതത്തിൽ വന്നുപോയ



പാപങ്ങളെ എണ്ണിയെണ്ണിപ്പറഞ്ഞ് എല്ലാം ഞാൻ ദൈവത്തിന് ഏൽപ്പിച്ചുകൊടുത്തു. കണ്ണുനീർ ധാരധാരയായി ഒഴുകുമ്പോൾ, നമ്മുടെ സ്വർഗ്ഗീയ പിതാവ് എന്റെ ഹൃദയത്തിനു പരിവർത്തനം വരുത്തി. അതിശയകരമായ സമാധാനം എന്റെ ഹൃദയത്തിലേക്കു പ്രവഹിച്ചു! പുകവലിയും, മദ്യപാനവും, മയക്കുമരുന്നിനോടുള്ള ആസക്തിയും, ആത്മഹത്യാ ചിന്തയും തുടങ്ങി, എന്റെ ജീവിതത്തെ ബാധിച്ചിരുന്ന സകലവിധ ദോഷങ്ങളും മാറിപ്പോയി. തുടർന്ന് പാപം ചെയ്യാതിരിക്കുവാനുള്ള ശക്തി ദൈവം എനിക്കു തന്നു.

പൂർണ്ണമായ ശുദ്ധീകരണം പ്രാപിക്കാമെന്നു ഞാൻ മനസ്സിലാക്കിയപ്പോൾ എന്റെ ഹൃദയം അതിനായി വീണ്ടും വിശന്നു. ഞാൻ സകലവും ദൈവത്തിന് ഏൽപിച്ചു കൊടുത്തപ്പോൾ, ദൈവം എന്റെ പ്രാർത്ഥന കേൾക്കുകയും ശുദ്ധീകരണത്തിന്റെ അനുഭവം തരികയും ചെയ്തു. പ്രാർത്ഥിച്ചു കഴിഞ്ഞ് മുട്ടിന്മേൽ നിന്ന് എഴുന്നേൽക്കുമ്പോൾ എന്റെ മകനും മുൻപിലുണ്ട്. അവനും എനിക്കു വേണ്ടി പ്രാർത്ഥിക്കുന്നത് കേൾക്കാമായിരുന്നു. അവിടെ നിന്നും പോകുവാൻ എനിക്കു തോന്നാതിരുന്നതിനാൽ, ഞാൻ വീണ്ടും മുട്ടുകുത്തി. പരിശുദ്ധാത്മാവ് അന്നു രാത്രി ആ കൂടിവരവിൽ നിറയുകയും അനുഗ്രഹമാരി ചൊരിയുകയും ചെയ്തു! ഞാൻ ഉൾപ്പെടെ പന്ത്രണ്ടു സ്ത്രീപുരുഷന്മാർ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു. എന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ രാത്രിയായിരുന്നു അത്.

ഞാൻ ദൈവത്തോടു പറഞ്ഞു, "എന്റെ ഇനിയുള്ള ജീവിതം അവിടുത്തെ മഹത്വത്തിനായും, പാപത്തിൽ നശിച്ച് അലഞ്ഞുതിരിയുന്ന ആത്മാക്കളെ തേടിച്ചെല്ലുവാനുമായി ചെലവഴിച്ചുകൊള്ളാം." കൊറിയായിലെ സഭാ ഓഫീസിൽ പ്രവർത്തിക്കുവാൻ ദൈവം എനിക്ക് അവസരം നൽകിയിരിക്കുന്നു. ഇപ്പോൾ ഞാൻ ആശുപത്രികളിലും ജയിലുകളിലും പോയി, പാപത്തിൽ നിന്നും വിടുതൽ നൽകുന്ന രക്ഷാ സുവാർത്ത അറിയിച്ചുകൊണ്ടിരിക്കുന്നു. ദൈവീക ശക്തിയുടെ സാക്ഷ്യം വഹിച്ച് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് എനിക്ക് ഏറ്റവും വലിയ സന്തോഷം.

ഞങ്ങൾ എരിയുന്ന തീയിൽ നിന്നും വലിച്ചെടുക്കപ്പെട്ട കൊള്ളികളാണെന്നും, ഇപ്പോൾ ഞങ്ങൾക്ക് നിത്യജീവന്റെ പ്രത്യാശയുണ്ടെന്നും, ഞാനും എന്റെ കുടുംബവും ഒരിക്കലും മറക്കുകയില്ല. എന്റെ ജീവിതത്തിന്റെ ഇനിയുള്ള ഭാഗം യേശുവിന് അവകാശപ്പെട്ടതാണ്.
- ലി ജോംഗ് ഹോ.

# പ്രത്യാശാദീപം

**മേഴ്സിഹോം, ചേപ്പാട്. പി.ഒ.**
**ആലപ്പുഴ ജില്ല - 690 507**